പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4314 | 17. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |

## ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ എത്ര ഓഫീസുകളുണ്ടെന്നും എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജില്ലാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം, പാളയം, കോഴിക്കോട്, പ്രവർത്തിക്കുന്നു. വടകര, കുറ്റ്യാടി, നാദാപുരം സർക്കിൾ ഓഫീസുകൾ വടകരയിലും, ബാലുശ്ശേരി, പേരാമ്പ്ര, കൊയിലാണ്ടി ഓഫീസുകൾ പേരാമ്പ്രയിലും പ്രവർത്തിക്കുന്നു. കൂടാതെ കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത്, ഏലത്തൂർ, ബേപ്പൂർ, തിരുവമ്പാടി, കുന്നമംഗലം, കൊടുവള്ളി എന്നീ സർക്കിൾ ഓഫീസുകൾ കോഴിക്കോട് ജില്ലാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിലും പ്രവർത്തിക്കുന്നു. അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം (ഇന്റലിജൻസ്) കോട്ടപ്പറമ്പ് എന്ന സ്ഥലത്തും, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി മലാപ്പറമ്പ് എന്ന സ്ഥലത്തും പ്രവർത്തിക്കുന്നു. |
| ബി) | ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | ബി) | ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006, റൂൾ 2011 , റെഗുലേഷൻസ് 2011 എന്നീ നിയമ പ്രകാരം ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിട്ടുള്ള മായം കണ്ടെത്തുന്നതിനും നിയമപരമായ നടപടി എടുക്കുന്നതിനും ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ചുമതലകൾ നിർവചിച്ചു നൽകിയിട്ടുണ്ട്.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് റൂൾസ് 2011ലെ 2.1.3 ഭാഗം അനുസരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ അന്വേഷണ വിധേയമായി ഭക്ഷ്യ വസ്തുക്കളുടെ സർവ്വയിലൻസ് സാമ്പിൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ വിദഗ്ധ പരിശോധനയ്ക്കായി അയച്ചു കൊടുക്കുന്നു. പരിശോധനാ ഫലത്തിൽ unsafe, sub standarad, misbranded ആയി കണ്ടെത്തിയാൽ പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ വിൽപ്പന തടയുകയും ബന്ധപ്പെട്ട സ്ഥാപനം തുടർ അന്വേഷണത്തിന്റെ ഭാഗമായി സീൽ ചെയ്യുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് പകർച്ച വ്യാധി പോലുള്ള രോഗങ്ങൾ ഉണ്ടോയെന്നത് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നു.<br>ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ തങ്ങളുടെ സർക്കിൾ പരിധിക്കുള്ളിലെ സ്ഥാപനങ്ങൾ പരിശോധന നടത്തി ഗുണമേൻമയില്ലാത്ത സ്ഥാപനങ്ങൾക്ക് ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനുള്ള നോട്ടീസ് നൽകുന്നു. ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, പാക്കിംഗ്, വിൽപ്പന കേന്ദ്രങ്ങൾ എന്നിവ പരിശോധിച്ച് ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്ഥാപനം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നു.<br>ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ തങ്ങൾ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്, അന്വേഷണ വിധേയമായി പിടിച്ചെടുത്ത ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ, സ്റ്റോക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ, യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നു. മായം കലർത്തിയ ഭക്ഷ്യവസ്തുക്കളുടെ വിതരണം നടത്തുവാൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പരിശോധിക്കുന്നു.<br>ഇറക്കുമതി ചെയ്ത നിരോധിത ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ വിൽപ്പന തടയുന്നു. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ തങ്ങളുടെ സർക്കിൾ പരിധിക്കുള്ളിൽ ഭക്ഷ്യവിഷബാധപോലുള്ള സംഭവങ്ങൾ ഉണ്ടായാൽ അടിയന്തിരമായി പ്രസ്തുത സ്ഥലം സന്ദർശിച്ച് ഈ വിഷയത്തിൻമേലുള്ള അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നു.<br>പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയുടെ ഭക്ഷ്യസുരക്ഷാ പദ്ധതികൾ സുഗമമാക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുന്നു. |
| സി) | തിരുവമ്പാടി മണ്ഡലത്തിന് ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. ഓഫീസിന് സ്ഥലം ലഭിക്കാത്തതിനാൽ നിലവിൽ ജില്ലാ ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| ഡി) | പ്രസ്തുത ഓഫീസ് തിരുവമ്പാടി മണ്ഡലത്തിൽ തന്നെ പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) | തിരുവമ്പാടി മണ്ഡലത്തിൽ ഓഫീസ് കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഫീസ് തിരുവമ്പാടി മണ്ഡലത്തിൽ തന്നെ പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Jhushk

സെക്ഷൻ ഓഫീസർ